ഉത്തരം

(എ) ആലത്തൂർ താലൂക്കിൽ ഈ സർക്കാർ 465 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) വണ്ടാഴി, എരിമയൂർ, മേലാർക്കോട് എന്നീ പഞ്ചായത്തുകളിലായി 14.2368 ഹെക്ടർ (35.18 ഏക്കർ) മിച്ചഭൂമിക്കാണ് പട്ടയം നൽകിയത്.

കണ്ണൂർ ജില്ലയിലെ ഭൂപ്രശ്നങ്ങൾ

124 (2140) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിരവധി വർഷങ്ങളായി ഭൂനികുതി വാങ്ങിക്കൊണ്ടിരിക്കുന്നതും എന്നാൽ സമീപകാലത്ത് നികുതി വാങ്ങാത്തതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ നിലവിലുള്ള ഭൂപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു :

1. അമ്പലക്കണ്ടി-മാനന്തവാടി ടി.എൽ.ബി.യുടെ നിർദ്ദേശപ്രകാരം ഏകദേശം 200 കുടുംബങ്ങളിൽ നിന്നും നികുതി വാങ്ങിക്കുന്നതിന് തീരുമാനമെടുത്തു.

2. വാളത്തോട് -സ്ഥലം ഏറ്റെടുത്ത് പതിച്ചു കൊടുക്കുന്നതിന് ഫോറം 16 പുറപ്പെടുവിച്ചു. പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. പട്ടുവം-തളിപ്പറമ്പ ടി.എൽ.ബി.യുടെ 2-2-2011-ലെ ഉത്തരവുപ്രകാരം പ്രശ്നം പരിഹരിക്കപ്പെട്ടു.

4. പന്നിയൂർ-ഹരിദാസൻ നമ്പൂതിരിയിൽ നിന്നും ഏറ്റെടുക്കുവാൻ ഉത്തരവായ 49.71.500(49 ഏക്കർ 71.50 സെന്റ്) ഏക്കർ സ്ഥലം സർവ്വെ പൂർത്തിയാക്കി ഏകദേശം 125 പേർക്ക് കൈവശം ഉൾപ്പെടെ പതിച്ചു കൊടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

5. ജോസ് ഗിരി എസ്റ്റേറ്റ് പ്രശ്നം-തളിപ്പറമ്പ താലൂക്ക് ലാന്റ് ബോർഡ് കേസ് റീ ഓപ്പൺ ചെയ്തു.

6. വടക്കേക്കളം -പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ ജില്ലയിലെ നിലവിലുള്ള പ്രശ്നങ്ങൾസമയബന്ധതമായി പരിഹരിക്കുന്നതിനായി ജനപ്രതിനിധികളുമായും കർഷകസംഘടനാ പ്രതിനിധികളുമായും ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഭൂമിവില സംബന്ധിച്ച പട്ടികയിലെ അപാകത

125 (T2144) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂമിവില സംബന്ധിച്ച് പ്രസിദ്ധീകരിച്ച പട്ടികയിൽ വ്യാപകമായി അപാകതകടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനായി അപ്പീലുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനും ആയതിന്മേൽ ആർ.ഡി.ഒ. യുടെയും വില്ലേജ് ഓഫീസറുടെയും അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം അപേക്ഷകനെ വിചാരണ നടത്തി അപ്പീൽ തീർപ്പാക്കിവരുന്നു. കൂടാതെ വിലനിൽണ്ണയിക്കാൻ വിട്ടുപോയവയും മറ്റ് അപാകതകളും റവന്യൂ ഡിവിഷണൽ ഓഫീസിൽ തീർപ്പാക്കുന്നു.

ന്യായവില വിജ്ഞാപനത്തിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ സബ്രജിസ്ട്രാർക്ക് അതാത് ജില്ലാകളക്ടർ മുമ്പാകെ അപ്പീൽ രൂപത്തിൽ ബോധിപ്പിക്കുവാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഭൂപ്രശ്നം

126 (2146) ശ്രീ സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഭൂപ്രശ്നം* പരിഹരിക്കുന്നതിലേക്കായി നടന്ന ഉന്നതതലയോഗ തീരുമാനപ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വില്ലേജുകളിൽ യോഗതീരുമാനമനുസരിച്ച് നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) അരനൂറ്റാണ്ടിലധികം കൈവശം വച്ചനുഭവിച്ചുപോരുന്ന ഭൂമിയുടെ കരം അടയ്ക്കുന്നതിനുള്ള അവകാശം പിൻവലിച്ചത് എന്തുകൊണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭൂപ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതിനും നികുതി അടച്ചുവരുന്നവർക്ക് ആയത് തുടരുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly